IAME

മാ
2025

# എഡ്യു ടൈംസ്
EDU TIMES

iameindia

www.iameonline.com

The monthly news letter pubished by IDEAL ASSOCIATON FOR MINORITY EDUCATION, 4th Floor, Markaz Complex, Calicut-4

# കേരള സ്റ്റുഡന്റ്സ് കോൺക്ലേവ് സമാപിച്ചു

Kerala Students Conclave GRAND FINALE

**ഗ്രാന്റ് ഫിനാലെ വിജയികളായി എരഞ്ഞിപ്പാലം മർക്കസ് ഇന്റർനാഷണലും മേൽമുറി മഅ്ദിനും**

കോഴിക്കോട്: ശാസ്ത്ര സാങ്കേതിക രംഗത്തെ മുന്നേറ്റങ്ങളും ഗവേഷണങ്ങളും ചർച്ച ചെയ്ത് ഐഡിയൽ അസോസിയേഷൻ ഫോർ മൈനോരിറ്റി എജ്യൂക്കേഷൻ കാലിക്കറ്റ് മജസ്റ്റിക് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച കേരള സ്റ്റുഡന്റ്സ് കോൺക്ലേവ് സമാപിച്ചു.

കേരളത്തിലെ വിവിധ ജില്ലകളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ നിന്നുള്ള മികച്ച പ്രതിഭാധനരായ വിദ്യാർത്ഥികളാണ് കോൺക്ലേവിന്റെ ഭാഗമായി പങ്കെടുത്തത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥികളെ തിളങ്ങാൻ പ്രാപ്തരാക്കുന്ന പദ്ധതിയായ ഇന്റർനാഷണൽ സ്കിൽ എൻഹാൻസ്മെന്റ് ആന്റ് ട്രെയ്നിംഗിന്റെ ഗ്രാന്റ് ഫിനാലെയിൽ എരഞ്ഞിപ്പാലം മർക്കസ് ഇന്റർനാഷണൽ സ്കൂളിലെ മുഹമ്മദ് എം.എ, ആയിഷ നദ എന്നവരും മേൽമുറി മഅ്ദിൻ പബ്ലിക് സ്കൂളിലെ ഫാത്തിമ അൻഷ പാലക്കൻ, അദീബ് ഷാൻ വിജയികളായി.

കാറ്റഗറി ഒന്നിൽ പറക്കുളം എസ്. എ വേൾഡ് സ്കൂളിലെ മുഹമ്മദ് വഹബ്, അസ്ന ഫാത്തിമ ഫസ്റ്റ് റണ്ണറപ്പായും തെച്ചിയാട് അൽ ഇർശാദ് ഇംഗ്ലീഷ് സ്കൂളിലെ ഷെറാസ് അഹമ്മദ്, ഇഫ ഫാത്തിമ എന്നിവർ സെക്കന്റ് റണ്ണറപ്പുമായി തിരഞ്ഞെടുത്തു.

കാറ്റഗറി രണ്ടിൽ പൂനൂർ ദിഹ്ലിസിലെ അഹമ്മദ് നാജി നൗഷാദ്, മുഹമ്മദ് റയ്യാൻ കാരന്തൂർ മെസ് ഇന്റർ നാഷണലിലെ മുഹമ്മദ് ഉസ്മാൻ, ഫാത്തിമ ലുജയ്ൻ എന്നിവർ യതാക്രമം ഫസ്റ്റ് സെക്കന്റ് റണ്ണറപ്പിനുമർഹരായി.

കോൺക്ലേവിന്റെ ഭാഗമായുള്ള ടോക്ക് ഷോയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ചാറ്റ് ജി.പി.ടി തുടങ്ങിയ മേഘലകളിൽ വിദ്യാർത്ഥികളുടെ സാന്നിധ്യം, ആഗോള രംഗത്ത് വന്ന സാങ്കേതിക മികവ് എന്നിവ ഉൾപ്പെടുത്തി സദസ്സിനെ കൈയ്യിലെടുത്തു യംഗ് പ്രോഡിജിയും 14 വയസ്സുകാരനുമായ റൗൾ ജോൺ അജുവും സെയ്ദ് ഹസൻ സെയ്ഫിയും സംസാരിച്ചു.



**അദീബ് ഷാൻ, ഫാത്തിമ അൻഷ**
മേൽമുറി മഅ്ദിൻ പബ്ലിക് സ്കൂൾ

ഗവേഷണങ്ങൾ, പ്രാപഞ്ചിക സിദ്ധാന്തങ്ങൾ, കണ്ടുപിടുത്തങ്ങൾ ഉൾപ്പെടുത്തി മീറ്റ് ദ സയൻറിസ്റ്റ് സെഷനിൽ ഡോ. ജോൺ എബ്രഹാമും വിദ്യാർത്ഥികളോട് സംവദിച്ചു.

വൈകിട്ട് നടന്ന സമാപന ചടങ്ങിൽ ഗ്രാന്റ് ഫിനാലെ വിജയികൾക്കുള്ള സമ്മാനങ്ങളും പ്രശസ്തി പത്രവും നൽകി.

സയ്യിദ് മുഹമ്മദ് തുറാബ് അസ്സഖാഫ്, വി.പി.എം ഇസ്ഹാഖ്, അഫ്സൽ കൊളാരി, നൗഫൽ കോഡൂർ, മുഹമ്മദ് ദിൽശാദ്, സി.എം നൗശാദ് തുടങ്ങിയവർ പങ്കെടുത്തു.



**മുഹമ്മദ് എം.എ, ആയിഷ നദ**
മർക്കസ് ഇന്റർനാഷണൽ സ്കൂൾ, കോഴിക്കോട്

## ഗ്രാന്റ് ഫിനാലെ വിജയികൾ

ഐസെറ്റ് ഗ്രാന്റ് ഫിനാലെയിൽ ഇരു വിഭാഗങ്ങളിലുമായി വിജയികളായവർ ഐ എ എം ഇ നേതൃത്വത്തോടൊപ്പം

വീഡിയോ കാണാൻ





കാറ്റഗറി 1 വിജയികൾ





കാറ്റഗറി 2 വിജയികൾ

# നിർമ്മിത ബുദ്ധിയെ പരിചയപ്പെടുത്തി റൗളും സെയ്ഫിയും




റൗൾ ജോൺ അജു

സെയ്ദ് ഹസൻ സൈഫി

കോഴിക്കോട്: കുട്ടി ടെക്കികളായി വിദ്യാർത്ഥികളുമായി സംവദിച്ച് സദസ്സിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ചാറ്റ് ജിപിടി തുടങ്ങിയവ എന്നിവയിലൂടെ പഠനം, വീഡിയോ, ചിത്രങ്ങങ്ങൾ നിർമ്മിത ബുദ്ധിയെ എങ്ങനെ ഉപയോഗപ്പെടുത്താമെന്ന് വിശദീകരിച്ചു കൈയ്യടി നേടിയിരിക്കുകയാണ് റൗൾ ജോൺ അജുവും, സയ്ദ് ഹസൻ സെയ്ഫിയും. സ്പീക്കറും, സോഷ്യൽ മീഡിയ ഇൻഫ്ലുവൻസറും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിദഗ്ധനുമാണ് റൗൾ. വിദേശ രാജ്യങ്ങളിലെ വിദ്യാർത്ഥികൾക്കും പ്രഫഷനലുകൾക്കും ക്ലാസെടുക്കുന്ന അജുവിന് കൂട്ടായാണ് സെയ്ഫിയെത്തുന്നത്. വേദിയിൽ തന്റെ അവതരണ ശൈലിയും  അറിവ് കൊണ്ടും വിദ്യാർത്ഥികളെ വിസ്മയിപ്പിച്ചപ്പോൾ അവരുടെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും മറുപടി പറയാനും റൗൾ മറന്നില്ല.

## ഗ്രാൻഡ് ഫിനാലെയിൽ മികവറിയിച്ച സ്കൂളുകൾ

### Category 1


MUHAMMED WAHB | ASNA FATHIMA
SA WORLD SCHOOL, PARAKKULAM


NAJA FATHIMA | MARIYAM SHAMIYA KH
KHILIRIYYA JAMA-ATH ENGLISH MEDIUM SCHOOL, BEKAL


MUHAMMED AKHNES K | SALWA FATHIMA
AL IRSHAD PUBLIC SCHOOL, TRIPPANACHI


SHERAZ AHMED KM | IFFA FATHIMA VK
AL IRSHAD CENTRAL SCHOOL, THECHYAD


FATHIMA MARYAM | KHADEEJA RAWZA
SA'ADIYYA ENGLISH MEDIUM RESIDENTIAL SS SCHOOL DELI


THANHA THANSIN KV | MUHAMMAD. M
FALAH GREENVALLEY SCHOOL, KALPETTA


FATHIMA P | FATHIMATH ZELLA
MAJLIS ENGLISH SCHOOL, ULIYIL


FATHIMA ANSIBA | MUHAMMED JASIB MJ
IRSHAD ENGLISH SCHOOL, PANTHAVOOR


MUHAMMED M A | AYISHA NADA
MARKAZ INTERNATIONAL SCHOOL, ERANHIPALAM

### Category 2


FATHIMA NAJA K | LIYANA P
MET ENGLISH SCHOOL, KOLAMANGALAM


FATHIMA ANSHA P | ADHEEB SHAN T
MA'DIN PUBLIC SCHOOL, MELMURI


AHMED NAAJI NOUSHAD | MUHAMMED RAYYAN
DIHLIZ WORLD SCHOOL, POONOOR


SANHA SAHEER | FELLAH FATHIMA C
QADISIYA ENGLISH SCHOOL, FEROKE


MUHAMMED LESIN U | NAHANA SAHAD
MARKAZ PUBLIC SCHOOL, KOYILANDY


MOHAMMED USMAN | FATHIMA LUJANE T
MEMS INTERNATIONAL, KARANTHUR


MUHAMMED FAYAS TC | ZAHRAN T
MUJAMMAU ENGLISH MEDIUM SENIOR SECONDARY SCHOOL, TRIKKARIPPUR


JYOTHIRAJ DIGAL | FARHA SHIRIN P
ALGEBRA GLOBAL SCHOOL, KOPPAM



ഡോ. ജോൺ എബ്രഹാം

# പേറ്റന്റുകളുടെ കഥകളുമായി 'മീറ്റ് ദ സയന്റിസ്റ്റ്'

കോഴിക്കോട്: വിദ്യാഭ്യാസ രംഗങ്ങളിൽ സയൻസ് ഒരു വിഷയമായി പഠിക്കുകയും ശാസ്ത്ര പ്രാപഞ്ചിക വിസ്മയങ്ങൾ തേടിയിറങ്ങുകയും അവ കണ്ടെത്തി പുതിയ തലമുറക്ക് സംവിധാനിക്കുകയും ചെയ്യുന്നവരാണ് ശാസ്ത്രജ്ഞർ. ഐ.എ എം ഇ സ്റ്റുഡന്റ്സ് കോൺക്ലേവിൽ ഭൂമിയുടെ ചരിത്രവും, പരിണാമവും ചർച്ച ചെയ്ത് വിദ്യാർത്ഥികളുടെ പഠന മേഖലക്ക് മുൻതൂക്കം നൽകാൻ പ്രചോദനം നൽകിയുള്ള അവതരണമായിരുന്നു ഡോ. ജോൺ എബ്രഹാമിന്റേത്. കേരള വെറ്ററിനറി സർവ്വകലാശാല പ്രൊഫസറാണ്. പൗൾട്രി മാലിന്യങ്ങളിൽ നിന്നും ബയോഡീസൽ ഉല്പാദിപ്പിക്കുകയും ലോ കോസ്റ്റ് മിൽക്കിംഗ് മെഷീൻ എന്നിവകളിലൂടെയായിരുന്നു അദ്ദേഹത്തിന് പേറ്റന്റുകൾ നേടാനായത്. ഡോ. വർഗീസ് കുര്യൻ ബെസ്റ്റ് ഡയന്റിസ്റ്റ്, അമൽ ജ്യോതി യുവ മാസ്റ്റർ മൈൻഡ് തുടങ്ങി ഒട്ടനവധി അവാർഡ് ജേതാവാണ്.

# നിറ സാന്നിധ്യമായി വിദ്യാർത്ഥികൾ

കോഴിക്കോട് : ഐ.എ.എം. ഇ സംസ്ഥാന തലത്തിൽ സംഘടിപ്പിച്ച കേരളത്തിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളെ അണി നിരത്തി ഒരുക്കിയ കേരള സ്റ്റുഡന്റ്സ് കോൺകേവിൽ നിറ സാന്നിധ്യമായി മാറി വിദ്യാർത്ഥികൾ.

മികച്ച രീതിയിൽ സജ്ജീകരിച്ച മജസ്റ്റിക് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി വിദ്യാർത്ഥികൾക്ക് അറിവ് കൊണ്ടുള്ള വിരുന്നായി മാറി. സ്കൂളുകളിലെ മികച്ച വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുത്തപ്പോൾ പരസ്പരം പരിചയപ്പെടാനും അറിയാനുമുള്ള അവസരമായി മാറി. പ്രതിഭകളെ പനിനീർ പുഷ്പങ്ങൾ നൽകിയാണ് വേദിയിലേക് സ്വീകരിച്ചത്.

ഐ എ എം ഇ സ്റ്റുഡൻറ്സ് കോൺക്ലേവിന് പങ്കെടുക്കാനെത്തിയ വിദ്യാർത്ഥികൾ



## മീറ്റിംഗുകൾ

### ടെക് സമ്മിറ്റ് സംഘടിപ്പിച്ചു

കോഴിക്കോട്: വിദ്യാഭ്യാസ മേഖലയിലെ പുതിയ സാങ്കേതിക സാധ്യതകളെ ചർച്ചയാക്കി. എഡ്യുഫൈയുടെ പുതിയ ഐ ടി സീരീസായ കോഡെക്സ് ഡോട് എ ഐ (Codex.Ai) അടിസ്ഥാനമാക്കിയായിരുന്നു സമ്മിറ്റ് സംഘടിപ്പിച്ചത്. ഫെബ്രുവരി 18 ചൊവ്വാഴ്ച ഓൺലൈൻ പ്ലാറ്റ്ഫോമായ സൂമിൽ നടന്ന സമ്മിറ്റിൽ എൻ പി ഹാരിസ് നേതൃത്വം നൽകി. ആർട്ടിഫിഷ്യൽഇന്റലിജൻസ്, റോബോട്ടിക്സ്, കോഡിംഗ്, എ ആർ, വി ആർ , ബ്ലോക്ചെയ്ൻ തുടങ്ങിയ വിഷയളിൽ ചർച്ചകൾ നടന്നു. നൗഫൽ കോഡൂർ ഉദ്ഘാടനം ചെയ്ത സമ്മിറ്റിൽ വിവിധ സ്കൂളുകളിൽ നിന്നായി നൂറോളം പേർ പങ്കെടുത്തു. വി പി എം ഇസ്ഹാഖ്, അഫ്സൽ കൊളാരി, നൗഷാദ് സി എം എന്നിവർ പങ്കെടുത്തു.

### സംസ്ഥാന എക്സിക്ക്യൂട്ടീവ് മീറ്റ്

കോഴിക്കോട്: ഐ എ എം ഇ സംസ്ഥാന എക്സിക്ക്യൂട്ടീവ് മീറ്റ് ഫെബ്രുവരി 20 വ്യാഴായ്ച കോഴിക്കോട് കോർപ്പറേറ്റ് ഓഫീസിൽ വെച്ച് നടന്നു. സയ്യിദ് മുഹമ്മദ് തുറാബ് തങ്ങൾ അധ്യക്ഷത വഹിച്ചു. വി പി എം ഇസ്ഹാഖ്, പ്രൊഫ. എ കെ അബ്ദുൽ ഹമീദ്, മുഹമ്മദ് അലി നെച്ചായിൽ, അഫ്സൽ കൊളാരി, കരീം സഖാഫി ഇടുക്കി, അമീർ ഹസ്സൻ, വി എം റഷീദ് സഖാഫി, കെ എം അബ്ദുൽ ഖാദർ, അബ്ദുറഊഫ് ബെംഗളൂരു, പി സി അബ്ദുറഹ്മാൻ തുടങ്ങിയവർ പങ്കെടുത്തു.

## ട്രൈനിംഗ്

### കോഡെക്സ് ഡോട് എ ഐ

കോഴിക്കോട്: എഡ്യൂഫൈയുടെ പുതിയ ഐ ടി സീരീസായ കോഡെക്സ് ഡോട് എ ഐ (Codex.Ai) ന്റെ ട്രൈനിംഗുകൾ ജില്ലാതലത്തിൽ സംഘടിപ്പിച്ചു. കോഴിക്കോട്, കണ്ണൂർ, വയനാട് ജില്ലകളിലാണ് ട്രൈനിംഗുകൾ നടന്നത്. മലപ്പുറം, പാലക്കാട്, തൃശൂർ ജില്ലകളിൽ മാർച്ച് ആദ്യവാരത്തിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് +918086511175

# CURRENT AFFAIRS FEBRUARY

1. ഇന്ത്യയിലെ ആദ്യത്തെ ദേശീയ സഹകരണ സർവകലാശാല – *ത്രിഭുവൻ സഹകാരി സർവകലാശാല (ഗുജറാത്തിലെ ആനന്ദ് IRMA യിൽ)*
2. കേരള പോലീസ് മുതിർന്ന പൗരന്മാർക്കായി ആരംഭിച്ച ഹെൽപ്പ് ലൈൻ സേവനത്തിന്റെ പേര് – *'പ്രശാന്തി'*
3. റെയിൽവേ മന്ത്രാലയം പുതുതായി *ആരംഭിക്കുന്ന സൂപ്പർ ആപ്പ് – സ്വറെയിൽ (SwaRail)*
4. സംസ്ഥാനത്തെ മികച്ച രക്തബാങ്ക് എന്ന ദേശീയ അംഗീകാരം ലഭിച്ച മെഡിക്കൽ കോളേജ് – *തൃശൂർ ഗവ. മെഡിക്കൽ കോളേജ്*
5. H3 റോക്കറ്റിൽ നാവിഗേഷൻ ഉപഗ്രഹമായ മിഷിബിക്കി 6 വിക്ഷേപിച്ച രാജ്യം – *ജപ്പാൻ*
6. 2025 ദേശീയ ഗെയിംസ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ സ്വർണം നേടിയത് ടീം – *കേരളം (ഉത്തരാഖണ്ഡിനെ 1-0 ന് പരാജയപ്പെടുത്തി)*
7. പ്രശസ്ത സാഹിത്യകാരൻ എം.ടി. വാസുദേവൻ നായരുടെ സ്മാരകം നിർമ്മിക്കുന്നത് – *തുഞ്ചൻ പറമ്പിൽ*
8. കേരള സർക്കാർ ആരംഭിച്ച 'കെ ഹോംസ്' പദ്ധതിയുടെ പ്രധാന ലക്ഷ്യം – *താമസമില്ലാതെ ഒഴിഞ്ഞു കിടക്കുന്ന വീടുകൾ വിനോദസഞ്ചാരികൾക്ക് പ്രയോജനപ്പെടുത്തുക*
9. ലബനനിലെ പുതിയ പ്രധാനമന്ത്രി – *നവാഫ് സലാം (Nawaf Salam)*
10. സൈബർ തട്ടിപ്പുകൾ തടയുന്നതിനായി ഇന്ത്യൻ ബാങ്കുകൾക്ക് നിർദ്ദേശിച്ച പുതിയ ഡൊമെയ്ൻ – *.bank.in*
11. 2025 ഫെബ്രുവരിയിൽ രാജിവച്ച മണിപ്പൂർ മുഖ്യമന്ത്രി – *എൻ.ബിരേൻ സിംഗ്*
12. അപൂർവ രക്തഗ്രൂപ്പ് രക്തദാതാക്കളുടെ രജിസ്ട്രേഷൻ ആരംഭിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം – *കേരളം*
13. 2025 ഫെബ്രുവരിയിൽ അന്തരിച്ച 'പച്ച മനുഷ്യൻ' എന്നറിയപ്പെടുന്ന പരിസ്ഥിതി പ്രവർത്തകൻ – *കല്ലൂർ ബാലൻ*
14. ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർമാരിലെ സ്ത്രീകളിൽ നിന്നും തെരഞ്ഞെടുത്ത രാജ്യത്തെ ആദ്യ പെൺ സ്കൂബാ സംഘം – *ഗാനെറ്റ്സ് (Garnets)*
15. വന്യമൃഗ ആക്രമണം തടയാൻ വനംവകുപ്പ് ഏർപ്പെടുത്താൻ ആലോചിക്കുന്ന സംവിധാനം – *വിസ്ല ക്ലിയറൻസ്*
16. ഇന്ത്യയുടെ തദ്ദേശനിർമ്മിത ജെറ്റ് ട്രെയിനർ വിമാനത്തിന്റെ പേരെന്ത്? – *യശസ്സ്*
17. എക്സർസൈസ് സൈക്ലോൺ 2025-ൽ ഇന്ത്യയുടെ പങ്കാളി രാജ്യം – *ഈജിപ്ത്.*
18. 2025-ലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആക്ഷൻ ഉച്ചകോടി നടക്കുന്ന രാജ്യം – *ഫ്രാൻസ്*
19. 2024ൽ നൂറു വർഷം പൂർത്തിയാക്കിയ ഏഷ്യയിലെ ഏറ്റവും വലിയ തൊഴിലാളി സഹകരണ സംഘം – *ഊരാളുങ്കൽ*
20. 2025 ഫെബ്രുവരിയിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയതും, ഏറ്റവും കൂടുതൽ തവണ രാഷ്ട്രപതി ഭരണമുണ്ടായതുമായ സംസ്ഥാനം – *മണിപ്പൂർ – ഗവർണർ: അജയ് കുമാർ ഭല്ല*
21. ഉത്തരാഖണ്ഡിൽ നടന്ന ദേശീയ ഗെയിംസിൽ കേരളത്തിന്റെ മെഡൽ നേട്ടം – *ആകെ മെഡലുകൾ: 54 (സ്വർണ്ണം: 13, വെള്ളി: 17, വെങ്കലം: 24)*

## 2025ലെ ബിസിസിഐ നമൻ അവാർഡുകൾ

1. കേണൽ സി.കെ നായിഡു ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് – *സച്ചിൻ തെൻഡുൽക്കർ (Sachin Tendulkar)*
2. അന്താരാഷ്ട്ര ക്രിക്കറ്റിനുള്ള പ്രത്യേക അവാർഡ് – *ആർ. അശ്വിൻ (R. Ashwin)*
3. പോളി ഉമ്രിഗർ അവാർഡ് (മികച്ച പുരുഷ അന്താരാഷ്ട്ര ക്രിക്കറ്റർ) – *ജസ്പ്രീത് ബുംറ (Jasprit Bumrah)*
4. മികച്ച വനിതാ അന്താരാഷ്ട്ര ക്രിക്കറ്റർ – *സ്മൃതി മന്ദാന (Smriti Mandhana)*
5. മികച്ച വനിതാ അന്താരാഷ്ട്ര അരങ്ങേറ്റ താരം – *ആശ ശോഭന (Asha Shobana)*
6. മികച്ച പുരുഷ അന്താരാഷ്ട്ര അരങ്ങേറ്റ താരത്തം – *സർഫറാസ് ഖാൻ (Sarfaraz Khan)*
7. ആഭ്യന്തര ടൂർണമെന്റുകളിലെ മികച്ച പ്രകടനത്തിനുള്ള അവാർഡ് ലഭിച്ച ടീം – *മുംബൈ (Mumbai)*

22. എലോൺ മസ്കിന്റെ (ട്വിറ്റർ/ എക്സ്)പുതിയ എ.ഐ. ചാറ്റ്ബോട്ട് – *ഗ്രോക് 3 (Grok 3)*
23. കേരളത്തിൽ കാൻസർ രോഗനിർണയത്തിനായി ആരംഭിച്ച പദ്ധതി – *കേരള കാൻസർ ഗ്രിഡ് – 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' ക്യാമ്പയിൻ*
24. സപ്ലൈകോയുടെ പുതിയ മാനേജിംഗ് ഡയറക്ടർ – *അശ്വതി ശ്രീനിവാസ് (Aswathy Sreenivas)*
25. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി കണ്ടെത്തിയ പുതിയ ഗ്രഹത്തിന്റെ പേര് – *HD 20794 D (ഭൂമിയിൽ നിന്ന് 20 പ്രകാശവർഷം അകലെയാണ് സ്ഥിതി ചെയ്യുന്നത്)*
26. പുതിയ ആദായ നികുതി ബിൽ പരിശോധിക്കുന്നതിനുള്ള സമിതിയുടെ അധ്യക്ഷൻ – *ബൈജയന്ത് പാണ്ഡെ (സമിതിയിലെ മലയാളി അംഗങ്ങൾ: എൻ.കെ. പ്രേമചന്ദ്രൻ, ബന്നി ബഹനാൻ)*
27. ഇന്ത്യയുടെ 26-ാമത് മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർ – *ഗ്യാനേഷ് കുമാർ (Gyanesh Kumar)*
28. ഐ.സി.സി. ചാമ്പ്യൻസ് ട്രോഫി 2025-ൽ നടക്കുന്ന രണ്ട് രാജ്യങ്ങൾ – *പാകിസ്ഥാനും ദുബായും*
29. ഡൽഹിയിലെ പുതിയ മുഖ്യമന്ത്രി – *രേഖാ ഗുപ്ത (Rekha Gupta) – ഉപമുഖ്യമന്ത്രി – പർവേശ് ശർമ*
30. *RBI* അടുത്തിടെ പുറത്തിറക്കിയ മൊബൈൽ ആപ്പ് – *RBIDATA*
31. ബെംഗളൂരുവിൽ തുറന്ന ഗൂഗിളിന്റെ പുതിയ ഓഫീസിന്റെ പേര് – *'അനന്ത' (Ananta)*
32. 2025-ൽ ടൈം മാഗസിന്റെ 'വുമൺ ഓഫ് ദി ഇയർ' പട്ടികയിൽ ഇടംപിടിച്ച ഇന്ത്യൻ പരിസ്ഥിതി പ്രവർത്തക – *പൂർണിമ ദേവി ബർമൻ (Purnima Devi Barman)*
33. ഇന്ത്യയിലെ പുതുതായി അംഗീകരിക്കപ്പെട്ട താറാവ് ഇനത്തിന്റെ പേര് – *ത്രിപുരേശ്വരി (ത്രിപുര സംസ്ഥാനത്തെ തദ്ദേശീയ താറാവ് ഇനം)*

വാർത്തകൾ അയക്കാൻ
ഐ എ എം ഇ എഡ്യൂടൈംസിലേക്ക് വാർത്തകളും വിവരങ്ങളും അയക്കുന്നതിനായി ക്യൂആർ കോഡ് സ്കാൻ ചെയ്യുക.